സുരക്ഷാ ഭവനനിർമ്മാണ പദ്ധതി എം.എൻ. ലക്ഷംവീട് പുനർനിർമ്മാണ പദ്ധതി

സുൽത്താൻ ബത്തേരി മണ്ഡലം :

പദ്ധതി	എണ്ണം	തുക
സുരക്ഷാ ഭവന നിർമ്മാണ പദ്ധതി	1	25,000 രൂപ
എം.എൻ ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി	61	22,25,000 രൂപ

കൽപ്പറ്റ മണ്ഡലം :

സുരക്ഷാ ഭവന നിർമ്മാണ പദ്ധതി	1	25,000 രൂപ
എം.എൻ ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി	25	7,87,500 രൂപ

മാനന്തവാടി മണ്ഡലം :

സുരക്ഷാ ഭവന നിർമ്മാണ പദ്ധതി	436	42,44,000 രൂപ
എം.എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി	17	6,62,500 രൂപ

കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം :

ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന നിർമ്മിതികേന്ദ്രം പ്രാക്തന ഗോത്ര വർഗ്ഗക്കാർക്കായി കൽപ്പറ്റ മണ്ഡലത്തിൽ 71 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ഒരു വീടിന് 90,000 രൂപ വച്ച് മൊത്തം 63,90,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

വായ്പാ കുടിശ്ശിക നിവാരണ പദ്ധതി

253(960) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഭവനനിർമ്മാണ ബോർഡിൽ നിന്നുള്ള വായ്പയിൽ കുടിശ്ശിക വന്ന തുക എത്രയായിരുന്നു ; കുടിശ്ശികയിനത്തിൽ ഇനി പിരിഞ്ഞുകിട്ടാനുള്ള തുക എത്രയാണ് ;

(ബി) വായ്പാ കുടിശ്ശികനിവാരണ പദ്ധതിയിൽ നാളിതുവരെ എത്ര തുക സർക്കാർ ഇളവു ചെയ്തുകൊടുത്തുവെന്ന് വ്യക്തമാക്കുമോ ;

(സി) വയനാട് ജില്ലയിൽ നിന്നും എത്ര തുക കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടാനുണ്ട് ; നാളിതുവരെ എത്ര തുക ജില്ലയിൽ ഇളവ് അനുവദിച്ചു എന്നു വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഭവനനിർമ്മാണ ബോർഡിൽ നിന്നുള്ള വായ്പയിൽ കുടിശ്ശിക തുക 157.50 കോടി രൂപയായിരുന്നു. ടി തുക സമയബന്ധിതമായി അടയ്ക്കാതെ വന്നതിലുള്ള പലിശയും പിഴപ്പലിശയും കൂടാതെ RR ഇനത്തിൽ ലഭിക്കാനുള്ള തുകയുൾപ്പെടെ തിരിച്ചടവ് നീക്കി ഇനി 189 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്.

(ബി) ഭവനനിർമ്മാണ ബോർഡ് നടപ്പിലാക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയനുസരിച്ച് 110.75 കോടി രൂപയുടെ ഇളവ് ചെയ്തു കൊടുത്തിട്ടുണ്ട്.

(സി) വയനാട് ജില്ലയിൽ നിന്നും ഭവനനിർമ്മാണ ബോർഡിന് വിവിധ വായ്പാ പദ്ധതികളിലായി 31-12-2010-ലെ കണക്കനുസരിച്ച് 58.65 കോടി രൂപ പിരിഞ്ഞിട്ടുകിട്ടാനുണ്ട്. 1977 മുതൽ 1996 വരെ നടപ്പിലാക്കിയിരുന്ന ദുർബ്ബല വിഭാഗവായ്പക്കാരുടെ വായ്പ ഇനത്തിൽ വയനാട് ജില്ലയിൽ 2.35 കോടി രൂപ എഴുതിത്തള്ളിയിട്ടുണ്ട്.

സ്വാമിനാഥൻ പാർപ്പിട പദ്ധതി

254(961) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാമിനാഥൻ പാർപ്പിട പദ്ധതിപ്രകാരം വായ്പ ലഭിച്ച ഗുണഭോക്താക്കളുടെ കുടിശ്ശിക എഴുതിത്തള്ളി ആധാരം തിരികെ കൊടുക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ മാനദണ്ഡങ്ങളും വിശദവിവരവും അറിയിക്കുമോ ;

(ബി) മറ്റെതൊക്കെ പാർപ്പിട പദ്ധതി പ്രകാരം വായ്പ ലഭിച്ച ഗുണഭോക്താക്കളുടെ കുടിശ്ശികയാണ് എഴുതിത്തള്ളുവാൻ തീരുമാനിച്ചിട്ടുള്ളത് ; ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സ്വാമിനാഥൻ പാർപ്പിട പദ്ധതി ഭവനനിർമ്മാണ വകുപ്പിന്റെ കീഴിൽ വരുന്ന പദ്ധതിയില്ല.

(ബി) 20-5-2009-ലെ സർക്കാർ ഉത്തരവ് (എംഎസ്) നമ്പർ 21/2009/ഭവനം പ്രകാരം ഭവന നിർമ്മാണത്തിനായി ഹൗസിംഗ് ബോർഡ് മുഖേന വായ്പ എടുത്തതും ദുർബല വിഭാഗത്തിൽപ്പെട്ടതും ആയ 1977 മുതൽ 1996 വരെയുള്ള താഴെപ്പറയുന്ന വായ്പാ പദ്ധതികൾ എഴുതി തള്ളിയിട്ടുണ്ട് :

1. EWS അർബൻ.
2. കുടികിടപ്പുകാർക്കുള്ള ഭവന പദ്ധതി
3. ഹഡ്കോ 80 പദ്ധതി
4. സന്നദ്ധ സംഘടന സഹായത്താടെ നടപ്പിലാക്കിയ പദ്ധതി (SASH)

LIBRARY ARCHIVES Kerala Legislative Assembly